ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒഴികെയുള്ളവയിൽ ഹിന്ദുക്കളല്ലാത്ത ജീവനക്കാരില്ലെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനം സർക്കാർ ചട്ടങ്ങളനുസരിച്ചാണ് ശമ്പളം നൽകുന്നതും സർക്കാരാണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പ്രസ്സിലെ ജീവനക്കാരുടെ നിയമനം**

**77 (1131)** ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ പ്രസ്സ് നടത്തുന്നുണ്ടോ ;

(ബി) എങ്കിൽ എവിടെയാണ് ;

(സി) ഇവിടുത്തെ ജീവനക്കാരുടെ നിയമനം ഏതു വിധത്തിലാണ് നടത്തുന്നത് ;

(ഡി) പ്രസ്തുത സ്ഥാപനത്തിൽ ഡി.റ്റി.പി. ഓപ്പറേറ്റർ തസ്തിക നിലവിലുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എത്ര തസ്തികകൾ ആണെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇവർക്ക് വേണ്ട യോഗ്യതയും ഇവരുടെ ശമ്പള നിരക്കും വ്യക്തമാക്കുമോ ;

(ജി) ഇവരുടെ നിയമനം നേരിട്ടാണോ പ്രൊമോഷൻ വഴിയാണോ നടത്തുന്നത് ;

(എച്ച്) ഈ തസ്തികയിൽ നിലവിൽ ഒഴിവുകൾ ഉണ്ടോ ;

(ഐ) എങ്കിൽ എത്ര ഒഴിവുകളാണുള്ളത് ;

(ജെ) ഒഴിവുള്ള തസ്തികയിൽ ആളെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. ദേവസ്വം ബോർഡ് ഹെഡ് ക്വാർട്ടേഴ്സ് കാമ്പസിലാണ് പ്രസ്സ് സ്ഥിതി ചെയ്യുന്നത്.

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ റിക്രൂട്ട്മെന്റ് റൂൾസ് പ്രകാരമാണ് നിയമനം നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ല.

(ഇ-ജെ) ഉദിക്കുന്നില്ല.

**ഉള്ളൂരിന്റെ ജന്മഗൃഹം ചരിത്ര സ്മാരകമാക്കാൻ നടപടി**

78 (1132) ശ്രീ. മഞ്ഞാളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യരുടെ ജന്മഗൃഹം ചരിത്ര സ്മാരകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഒന്നാമത്തെ കേരള നിയമസഭ, ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നീ കവിത്രയങ്ങളുടെ ജന്മഗൃഹങ്ങൾ ഏറ്റെടുത്ത് ചരിത്ര സ്മാരകമാക്കാൻ തീരുമാനിച്ചിരുന്നുവോ ;

(ഡി) വിവിധ കാരണങ്ങളാൽ നീണ്ടുപോയ തീരുമാനം അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) മഹാകവി ഉള്ളൂരിന്റെ ജന്മഗ്രഹം എന്നത്തേക്ക് ചരിത്ര സ്മാരകമായി പ്രഖ്യാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യരുടെ ജന്മഗൃഹം ചരിത്ര സ്മാരകമാക്കാൻ ഉദ്ദേശിക്കുന്നില്ല.

(ബി) ബാധകമല്ല.

(സി-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**കാർഷികോല്പന്ന കയറ്റുമതിമേഖലയുടെ പ്രവർത്തനം**

79 (1133) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കാർഷികോല്പന്ന കയറ്റുമതി മേഖലയുടെ പ്രവർത്തനം സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം ഉൽപ്പന്നങ്ങളാണ് ഈ മേഖലയുടെ പ്രവർത്തനം ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) നാളിതുവരെ കാർഷികോൽപ്പന്ന കയറ്റുമതി മേഖലയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് എത്ര സംഘങ്ങളെ തെരഞ്ഞെടുത്തു എന്നും അവയ്ക്ക് ഓരോന്നിനും എത്ര തുക വീതം അനുവദിച്ചു എന്നു അവയെ തെരഞ്ഞെടുത്തതിനുള്ള മാനദണ്ഡം എന്തായിരുന്നു എന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly